**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3827** **09-10-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹിക പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ സാമൂഹിക പെൻഷനും പോലെ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സാമൂഹിക പെൻഷനും ഒരേ തുകയാണ് എന്നത്, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് പെൻഷൻ വാങ്ങുന്നവർക്ക് ജോലികൾക്ക് പോകാൻ കഴിയുന്ന സാഹചര്യമുള്ളപ്പോഴും, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്ക് ജോലിക്ക് പോകാൻ കഴിയാറില്ല എന്നതും, ഇവരെ നോക്കുന്ന മാതാപിതാക്കൾ ജോലി ഉപേക്ഷിച്ച് കൂട്ടുനിൽക്കുന്ന സാഹചര്യവും, പരിഗണിച്ച് ഇവർക്കുള്ള സാമൂഹിക പെൻഷൻ തുക ഉയർത്തുന്നതിന് നടപടിയെടുക്കുമോ; വിശദമാക്കുമോ? | (എ) | വിവിധ നിരക്കുകളിൽ നൽകി വന്നിരുന്ന എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷനും 03.02.2021 ലെ സ.ഉ.(എം എസ്) 16/2021/ധന ഉത്തരവ് പ്രകാരം 1600/- രൂപ എന്ന ഏകീകൃത നിരക്കിൽ ആണ് നിലവിൽ അനുവദിക്കുന്നത്. ഭിന്നശേഷി പെൻഷൻ മാത്രമായി ഉയർത്തി നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>തീവ്രമായ ശാരീരിക/മാനസിക ബൗദ്ധിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം ആശ്വാസകിരണം പദ്ധതിപ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന ധനസഹായം നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ